(ഇ) ഹൈക്കോടതിയിൽ അഡ്വ.രാജശേഖരപിള്ളയും മാവേലിക്കര അഡീഷ.ണൽ സെഷൻസ് കോടതി 1-ൽ അഡ്വ.കെ.വൈ. സുധീന്ദ്രനും, പിന്നീട് പ്രതിയെ ഹരിപ്പാട് ജുഡീഷ്യൽ 1-ാം ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കിയത് അഡ്വ. സി.ആർ.ജയപ്രകാശും പ്രതിക്ക് ജാമ്യം ലഭിക്കുന്നതിനു വേണ്ടി ബഹു.മാവേലിക്കര അഡീഷണൽ സെഷൻസ് കോടതിയിൽ ഹാജരായത് അഡ്വ. സുജിത്തും ആണ്.

(എഫ്) ഉണ്ട്. അഡ്വ. സി.ആർ. ജയപ്രകാശ്.

(ജി) വിശദമായ അന്വേഷണം നടത്തിയിട്ടുണ്ട്.

(എഫ്) പോലീസുകാരുടെ പേരിൽ നടപടി എടുത്തിട്ടില്ല.

91 (109) കോളനി ആക്രമിച്ച സംഭവം

<u>ശ്രീ.ഉമ്മൻചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നല്കുമോ :

(എ) 25.11.2000 രാത്രി ചിങ്ങവനം പോലീസ് സ്റ്റേഷൻ അതിർത്തിയിൽ പാംപുരുംപാറ കോളനിയിൽ അക്രമികൾ സംഘം ചേർന്ന് വീടുകൾ ആക്രമിക്കുകയും ചാക്കോ എന്ന ആളിനെ വധിക്കുവാൻ ശ്രമിക്കുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ അക്രമികളിൽ എത്ര പേരെ സംഭവസ്ഥലത്തു നിന്നും പോലീസ് അറസ്റ്റ് ചെയ്തു എന്നും അവർ ആരൊക്കെയാണെന്നും വെളിപ്പെടുത്തുമോ;

(സി) ഇവരിൽ എത്ര പേരെ വിട്ടയച്ചു എന്നും അവരെ വിട്ടയയ്ക്കുവാൻ ഇടയായ സാഹചര്യം എന്താണ് എന്നും വെളിപ്പെടുത്താമോ;

(ഡി) ഇതു സംബന്ധിച്ച കേസിൽ നിലവിൽ എത്ര പേരാണ് പ്രതികൾ;

(ഇ) ഇതിൽ ആരെയൊക്കെ അറസ്റ്റു ചെയ്തു എന്നു വെളിപ്പെടുത്താമോ;

(എഫ്) പ്രതികളെ മുഴുവൻ അറസ്റ്റ് ചെയ്തിട്ടില്ലെങ്കിൽ അതിനു കാരണമെന്ത്;

(ജി) ഏതു വകുപ്പുകൾ പ്രകാരമാണ് പ്രതികൾക്ക് എതിരെ കേസ് എടുത്തിരിക്കുന്നത്;

(എച്ച്) ഈ കോളനിയിൽ ഇനിയും അക്രമം ഉണ്ടാകുവാൻ സാദ്ധ്യത ഉള്ളതിനാൽ ഇവർക്ക് ആവശ്യമായ പോലീസ് സംരക്ഷണം നല്കണമെന്ന ആവശ്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി, സി) അക്രമികളിൽ ആരേയും സംഭവസ്ഥലത്തുനിന്നും അറസ്റ്റ് ചെയ്തിട്ടില്ല. പ്രസ്തുത കേസിലെ ഒന്നാം പ്രതിയായ ജോണിനെ 26.11.2000-ലും ബാക്കി നാലു പ്രതികളായ സണ്ണി, ജോസ്, സണ്ണി, ജയകുമാർ എന്നിവരെ 8.12.2000-ലും അറസ്റ്റ് ചെയ്തിട്ടുണ്ട്. ജോൺ ഒഴികെ മറ്റെല്ലാവരെയും ബഹു : കോടതിയുടെ നിർദ്ദേശപ്രകാരം വിട്ടയയ്ക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അഞ്ചു പേർ.

(ഇ) എല്ലാ പ്രതികളേയും അറസ്റ്റു ചെയ്തു.

(എഫ്)ഉദിക്കുന്നില്ല.

(ജി) ഐ.പി.സി. സെക്ഷൻ 143, 147, 148, 149, 451, 324, 307 വകുപ്പുകൾ പ്രകാരം.

(എച്ച്) സംഭവസ്ഥലത്ത് പോലീസ് പിക്കറ്റ് ഏർപ്പെടുത്തിയിട്ടുണ്ട്.

92 (110) അഫ്സലിനെ ആക്രമിച്ച സംഭവം

ശ്രീ. കെ.സി.വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നല്കുമോ :

(എ) ആലപ്പുഴയിലെ പുന്നപ്ര സെന്റ് ജോസഫ് ഹൈസ്കൂളിലെ വിദ്യാർത്ഥി അഫ്സലിനെ ആക്രമിച്ച് കൈപ്പത്തി വെട്ടിമാറ്റിയ സംഭവത്തോടനുബന്ധിച്ചുള്ള കേസ്സിലെ പ്രതികൾ ആരൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഇവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ആക്രമിക്കപ്പെട്ട അഫ്സലിന്റെ ചികിത്സയ്ക്കും പുനരധിവാസത്തിനുമായി സർക്കാർ എന്ത് സഹായധനം നല്കിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ഡി) നിർദ്ധനനായ അഫ്സലിന്റെ ചികിത്സയ്ക്കും വിദ്യാഭ്യാസ ചെലവിനുമായി സർക്കാർ ധനസഹായം നല്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ആലപ്പുഴ എം.എൽ.എ. നല്കിയ അപേക്ഷയിൻമേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(ഇ) അഫ്സലിന്റെ ചികിത്സയ്ക്കും വിദ്യാഭ്യാസത്തിനും പുനരധിവാസത്തിനുമായി സാമ്പത്തികസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുമോ?

ഉത്തരം

(എ) ഈ സംഭവത്തോടനുബന്ധിച്ച് ആലപ്പുഴ സൗത്ത് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 302/2000-ലെ പ്രതികൾ ഷാജി, കണ്ണൻ, ശ്രീകുമാർ, വിനോദ്, മാമച്ചൻ എന്നുവിളിക്കുന്ന ജോസഫ്, ഡെന്നീസ്, രാജേഷ്, സോണമാവേ, ബെന്നി എന്നിവരാണ്.

(ബി) എല്ലാ പ്രതികളേയും അറസ്റ്റ് ചെയ്ത് റിമാന്റ് റിപ്പോർട്ട് സഹിതം കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്.

(സി,ഡി,ഇ) സഹായധനം അഭ്യർത്ഥിച്ചുകൊണ്ടുള്ള ഹർജിയിന്മേൽ ആലപ്പുഴ ജില്ലാ കളക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ധനസഹായം അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly